"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. അശ്വിൻ പി.വി. ക്ക് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.227/2026/LSGD തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:- 1. ശ്രീ. അശ്വിൻ പി.വി. സമർപ്പിച്ച 10/12/2025 തിയതിയിലെ അവധി അപേക്ഷ.

2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/01/2026 തിയതിയിലെ LSGD/PD/41073/2025-DEA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിൽ പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. അശ്വിൻ പി.വി.ക്ക് SUNYA IAS അക്കാദമിയിൽ 'BRAHMASTRA 2026' സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായി 01/01/2026 മുതൽ 15/11/2026 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം (1) പ്രകാരമുള്ള ടിയാന്റെ അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

[2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അശ്വിൻ പി.വി. 01/01/2026 മുതൽ 15/11/2026 വരെ ശൂന്യവേതന അവധി അനുവദിക്കുന്നതിനായി അപേക്ഷ നൽകിയെങ്കിലും ടിയാൻ നാളിതുവരെയും അവധിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ ഉത്തരവ് തീയതിക്ക് ശേഷം ടിയാൻ അവധിയിൽ പ്രവേശിക്കുന്ന തിയതി മുതൽ 15/11/2026 വരെ കെ.എസ്.ആർ., ഭാഗം 1, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ശൂന്യവേതനാവധിയിൽ തുടരുന്ന കാലയളവ് സീനിയോറിറ്റി, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, സ്ഥാനക്കയറ്റം, ഗ്രാറ്റുവിറ്റി, പെൻഷൻ, ആർജ്ജിതാവധി മുതലായവ ഉൾപ്പടെയുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

[3] അവധി സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന്റെ സേവനപുസ്തകത്തിൽ നിയമനാധികാരി രേഖപ്പെടുത്തേണ്ടതും, ടിയാന്റെ സേവനകാര്യത്തിൽ KSR ഭാഗം I അനുബന്ധം XII-B യിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നുണ്ടെന്നുള്ള കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ശ്രീ. അശ്വിൻ പി.വി, സെക്രട്ടറി, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്.
*(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , പാലക്കാട്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി1/17/2026/തസ്വഭവ. നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 28-01-2026 17:10:29**
സെക്ഷൻ ഓഫീസർ